**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3969** **28-06-2024 - ൽ മറുപടിയ്ക്ക്**

**തിരഞ്ഞെടുപ്പ് സമയത്ത് പണം നൽകാത്തവർക്കതിരെ എക്സൈസ് കേസെടുക്കുന്നതായ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരഞ്ഞെടുപ്പ് സമയത്ത് പണം നൽകാത്തവരുടെ പേരിൽ എക്സൈസ് കേസെടുക്കുന്നതായി ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ പരാതിപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (എ) | ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ എന്ന സംഘടനയുടെ ജില്ലാ ഘടകങ്ങളുടെ അംഗങ്ങളാണെന്ന് അവകാശപ്പെട്ട് പേര് വെളിപ്പെടുത്താത്ത ഒരു പരാതി മുഖ്യമന്ത്രിക്കും പകർപ്പ് എക്സൈസ് കമ്മീഷണർക്കും ലഭിച്ചിരുന്നു. പ്രസ്തുത പരാതിയിൽ എക്സൈസ് ആസ്ഥാനത്തെ ആഭ്യന്തര വിജിലൻസ് ഓഫീസർ അന്വേഷണം നടത്തുകയുണ്ടായി. പരാതിയിൽ കഴമ്പുള്ളതായി അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ എന്ന സംഘടനയുടെ ജില്ലാ ഘടകങ്ങളുടെ അംഗങ്ങളാണെന്ന് അവകാശപ്പെട്ട് പേര് വെളിപ്പെടുത്താത്ത ഒരു പരാതി മുഖ്യമന്ത്രിക്കും പകർപ്പ് എക്സൈസ് കമ്മീഷണർക്കും ലഭിച്ചിരുന്നു. പ്രസ്തുത പരാതിയിൽ എക്സൈസ് ആസ്ഥാനത്തെ ആഭ്യന്തര വിജിലൻസ് ഓഫീസർ അന്വേഷണം നടത്തുകയുണ്ടായി. പരാതിയിൽ കഴമ്പുള്ളതായി അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| (സി) | അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രസ്തുത പരാതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു കേസ് എടുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ തുടർനടപടി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ